പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 4428

27.06.2013 ൽ മറുപടിക്ക്

**ഒരു രൂപയുടെ അരി മറിച്ചുവിൽക്കുന്നതായ വാർത്ത**

**ചോദ്യം**

ശ്രീ ആർ. രാജേഷ്:

**ഉത്തരം**

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

(എ) 2013 ജൂൺ 12-ാം തീയതി കണ്ണൂർ ഇരിട്ടിയിൽ ഒരു രൂപയുടെ അരി മറിച്ചു വിൽക്കുന്നതായി വന്ന ദൃശ്യമാധ്യമങ്ങളിലെ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(എ) ഉണ്ട്; കണ്ണൂർ ജില്ലയിലെ തലശ്ശേരി താലൂക്കിലെ ഇരിട്ടിയിലുള്ള ശ്രീമതി. എ സാജിദ ലൈസൻസിയായ 13-ാം നമ്പർ മൊത്ത വ്യാപാര ഡിപ്പോയിൽ നിന്നും കരിഞ്ചന്തയിലേക്ക് റേഷൻ സാധനങ്ങൾ മറിച്ച് വിൽക്കുന്നു എന്ന റിപ്പോർട്ട് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 12.06.2013 ൽ തലശ്ശേരി താലൂക്ക് താലൂക്ക് സപ്ലൈ ആഫീസറും റേഷനിംഗ് ഇൻസ്പെക്ടറും ചേർന്ന് പരിശോധന നടത്തുകയും ഭൗതിക സ്റ്റോക്കിൽ 2.5.ക്വിന്റൽ പച്ചരിയും 1.81 ക്വിന്റൽ പുഴുക്കലരിയും അധികമായി കണ്ടെത്തി. തുടർന്ന് പൊതു കമ്പോളത്തിൽ നടത്തിയ പരിശോധനയിൽ റേഷനരിയോട് സാദൃശ്യമുള്ള അരിയൊന്നും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. എ.ഡബ്ല്യൂ.ഡി. 13 ൽ നടത്തിയ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾക്കെതിരെ നടപടി സ്വീകരിക്കുകയും ലൈസൻസിക്ക് നോട്ടീസ് നല്കുകയും ചെയ്തിട്ടുണ്ട്.

തുടർന്ന് മട്ടന്നൂരുള്ള രണ്ട് മൊത്ത വ്യാപാര ഡിപ്പോയും ഇരിട്ടിയിലുള്ള പ്രസ്തുത മൊത്ത വ്യാപാര ഡിപ്പോയും ജില്ലാ സപ്ലൈ ആഫീസർ പരിശോധന നടത്തിയെങ്കിലും ഗുരുതരമായ ക്രമക്കേടുകൾ ഒന്നും കാണാൻ കഴിഞ്ഞിട്ടില്ല.

| | | | |
|---|---|---|---|
| (ബി) | കഴിഞ്ഞ സർക്കാർ എത്ര പേർക്കാണ് 2 രൂപയ്ക്ക് അരി വിതരണം ചെയ്തിരുന്നത്; നിലവിൽ എത്ര പേർക്കാണ് ഒരു രൂപയ്ക്ക് അരി വിതരണം ചെയ്യുന്നത് ? | (ബി) | 2011 ഫെബ്രുവരി 25 നാണ് എല്ലാ വിഭാഗങ്ങൾക്കും 2 രൂപ നിരക്കിൽ അരി വിതരണം ചെയ്യുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചത്. പദ്ധതിയിൽ ഉൾപ്പെടുന്നതിന് സത്യവാങ്മൂലം നല്കുന്നതിന് 25.05.2011 വരെയാണ് സമയം അനുവദിച്ചിരുന്നത്. ഈ കാലയളവിൽ 45.37 ലക്ഷം എ.പി.എൽ. കുടുംബങ്ങൾ സത്യവാങ്മൂലം നല്കി ഈ പദ്ധതിയിൽ ഉൾപ്പെടുകയുണ്ടായി. കൂടാതെ മുഴുവൻ ബി.പി.എൽ.,എ.എ.വൈ കുടുംബങ്ങൾക്കും 2009 മെയ് 22 മുതൽ 2011 ആഗസ്റ്റ് 31 വരെ 2 രൂപ നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തിരുന്നു. നിലവിൽ ഒരു രൂപ നിരക്കിൽ മുഴുവൻ ബി.പി.എൽ., എ.എ.വൈ കുടുംബങ്ങൾക്കും (20.52 ലക്ഷം) അരി നല്കിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ